A



# സമഗ്രശിക്ഷാ കേരളം

## പാദവാർഷിക ആത്യന്തിക വിലയിരുത്തൽ 2025 – 2026

# സാമൂഹ്യശാസ്ത്രം

ക്ലാസ് : VIII

സമയം : 1 1/2 മണിക്കൂർ
ആകെ സ്കോർ : 40

നിർദേശങ്ങൾ

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- ഓരോ വിഭാഗത്തിലും ചോയിസ് ഉള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിനുമാത്രം ഉത്തരമെഴുതിയാൽ മതി.

1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 1 സ്കോർ വീതം. (4 x 1 = 4)

1. ഒരു കലാപവുമായി ബന്ധപ്പെട്ട സൂചനകളാണ് ചുവടെ കൊടുത്തിരിക്കുന്നത്. കലാപം ഏതെന്ന് തിരിച്ചറിയുക.

   - 1899-ൽ ബ്രിട്ടീഷുകാർക്കെതിരെ നടന്ന സായുധ കലാപമാണിത്.
   - ഈ ഗോത്രവർഗകലാപം ഉൽഗുലാൻ എന്ന് അറിയപ്പെടുന്നു.

   A) കോൾ കലാപം B) പോളിഗർ കലാപം

   C) നീലം കർഷക കലാപം D) മുണ്ട കലാപം

2. A കോളത്തിന് അനുയോജ്യമായി B കോളം ക്രമപ്പെടുത്തി ചുവടെ നൽകിയിട്ടുള്ളവയിൽ നിന്നും ശരിയായത് തിരഞ്ഞെടുത്തെഴുതുക.

| A | B |
|---|---|
| a. ഡേവിഡ് റിക്കാർഡോ | i മിച്ചമൂല്യ സിദ്ധാന്തം |
| b. ജെ.എ. ഷുംപീറ്റർ | ii ചോർച്ച സിദ്ധാന്തം |
| c. ദാദാഭായ് നവറോജി | iii പാട്ടസിദ്ധാന്തം |
| d. കാൾ മാർക്സ് | iv സൃഷ്ടിപരമായ നശീകരണം |

   A) a - ii, b - iii, c- i, d - iv B) a - iii, b - ii, c- iv, d - i

   C) a - iii, b - iv, c- ii, d - i D) a - iv, b - iii, c- i, d - ii

3. പ്രസ്താവന I

   ശൈത്യ അയനാന്ത ദിനത്തെ തുടർന്ന് ദക്ഷിണായനരേഖയിൽ നിന്നും ഉത്തരായണ രേഖയിലേക്കുള്ള സൂര്യന്റെ അയനമാണ് ഉത്തരായണം.

   പ്രസ്താവന II

   ഗ്രീഷ്മ അയനാന്ത ദിനത്തെ തുടർന്ന് ദക്ഷിണായനരേഖയിൽ നിന്നും ഉത്തരായണ രേഖയിലേക്കുള്ള സൂര്യന്റെ അയനമാണ് ദക്ഷിണായനം.

   മുകളിൽ നൽകിയിട്ടുള്ള പ്രസ്താവനകൾ വിശകലനം ചെയ്ത് ശരിയായത് തിരഞ്ഞെടുത്ത് എഴുതുക.

   A) പ്രസ്താവനകൾ രണ്ടും ശരിയാണ് B) പ്രസ്താവന I മാത്രം ശരിയാണ്

   C) പ്രസ്താവന II മാത്രം ശരിയാണ് D) പ്രസ്താവനകൾ രണ്ടും ശരിയല്ല

4. ചുവടെ നൽകിയിട്ടുള്ള സൂചനകളിൽ നിന്ന് വ്യക്തിയെ തിരിച്ചറിയുക.


- ശൈശവ വിവാഹത്തിനെതിരെ നിലകൊണ്ടു.
- 'ആര്യ മഹിളാ സമാജം' എന്ന സംഘടന സ്ഥാപിച്ചു
- വിധവകളുടെ പുനരധിവാസത്തിനായി 'ശാരദാ സദനം' എന്ന അഭയകേന്ദ്രം സ്ഥാപിച്ചു.

A) പണ്ഡിത രമാബായി B) ആനിബസന്റ്

C) സാവിത്രിബായി ഫൂലെ D) കിട്ടൂർ റാണി ചെന്നമ്മ

**5 മുതൽ 7 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ അതിൽ കൂടുതലോ വാക്യങ്ങളിൽ ഉത്തരമെഴുതണം. 2 സ്കോർ വീതം.** **(3 x 2 = 6)**

5. (A) ലോക ഭൂപടം നിരീക്ഷിച്ച് P എന്നത് ഏത് രേഖാംശരേഖയെ സൂചിപ്പിക്കുന്നു എന്ന് എഴുതുക. ഈ രേഖയുടെ സവിശേഷതകൾ വ്യക്തമാക്കുക.




**അല്ലെങ്കിൽ**

(B) ഗ്രീനിച്ച് മെറിഡിയനിൽ രാവിലെ 8 മണി ആയിരിക്കുമ്പോൾ $15^0$ കിഴക്കും $15^0$ പടിഞ്ഞാറും സമയം എത്രയായിരിക്കും?

| $15^0$ പടിഞ്ഞാറ് | $0^0$ | $15^0$ കിഴക്ക് |
|---|---|---|
| ↓ | ↓ | ↓ |
| ? | 8 AM | ? |

6. മൗലികാവകാശങ്ങളുടെ നാൾവഴിയുമായി ബന്ധപ്പെട്ട ഫ്ലോചാർട്ട് പൂർത്തിയാക്കുക.

മാഗ്നാകാർട്ട

↓

A)....................................

↓

ഫ്രഞ്ചുവിപ്ലവത്തെ തുടർന്നുണ്ടായ മനുഷ്യാവകാശ പ്രഖ്യാപനം

↓

B)....................................

7. A യും B യും സുഹൃത്തുക്കളാണ്. ഇവരിൽ A എന്നയാൾ ഒരു വീട് നിർമ്മിച്ചു. B ഒരു ആഡംബര കാർ വാങ്ങി. ഈ രണ്ട് സന്ദർഭങ്ങളിലും വ്യക്തികളുടെ ഏതുതരം ആവശ്യങ്ങളാണ് നിറവേറ്റപ്പെട്ടത്?

**8. മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ അതിൽ കൂടുതലോ വാക്യങ്ങളിൽ ഉത്തരമെഴുതണം. 3 സ്കോർ വീതം.** **(4 x 3 = 12)**

8. (A) ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശം ഇന്ത്യൻ ഭരണഘടനയുടെ ഹൃദയവും ആത്മാവുമാണ് എന്ന് വിശേഷിപ്പിച്ചത് ആര്? ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശം പുനഃസ്ഥാപിച്ചു കിട്ടുന്നതിനുള്ള മാർഗങ്ങൾ എഴുതുക.

**അല്ലെങ്കിൽ**

(B) വിദ്യാഭ്യാസ അവകാശനിയമം സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങളിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യക്തമാക്കുക.

9. ബംഗാൾ വിഭജനം നടത്തിയ വൈസ്രോയി ആര്? ബംഗാൾ വിഭജനം സ്വദേശിപ്രസ്ഥാനത്തെ ശക്തിപ്പെടുത്തിയത് എങ്ങനെ?

10. സമകാലീന ഇന്ത്യയിൽ ഗാന്ധിയൻ സാമ്പത്തിക ചിന്തകളുടെ പ്രാധാന്യം വ്യക്തമാക്കുക.

11. വിവിധ ഋതുക്കളുടെ പേരെഴുതി അവയിൽ ഏതെങ്കിലും ഒന്നിന്റെ സവിശേഷതകൾ വിശദമാക്കുക.

**12, 13 ചോദ്യങ്ങൾക്ക് നാലോ അതിൽ കൂടുതലോ വാക്യങ്ങളിൽ ഉത്തരമെഴുതണം. 4 സ്കോർ വീതം.** **(2 x 4 = 8)**

12. (A) ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ശാശ്വത ഭൂനികുതി വ്യവസ്ഥയും റയട്ട്വാരി സമ്പ്രദായവും ഇന്ത്യൻ കർഷകരെ എങ്ങനെയെല്ലാം ബാധിച്ചു?

**അല്ലെങ്കിൽ**

(B) ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിനെതിരെ 1859-ൽ നടന്ന ഏറ്റവും പ്രധാനപ്പെട്ട കാർഷിക കലാപമായിരുന്നു ബംഗാളിലെ നീലം കർഷക കലാപം. ഈ കലാപത്തിന് കാരണമായ സാഹചര്യങ്ങൾ വിശദീകരിക്കുക.

13. ഇന്ത്യൻ ദേശീയത ശക്തമാകുന്നതിനിടയാക്കിയ സാഹചര്യങ്ങൾ സൂചനകളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക.

*സൂചനകൾ:*

- സാമ്പത്തികനയം
- പാശ്ചാത്യവിദ്യാഭ്യാസം

**14, 15 ചോദ്യങ്ങൾക്ക് ഉത്തരം വിശദീകരിച്ച് എഴുതണം. 5 സ്കോർ വീതം. (2 x 5 = 10)**

14 (A) ഇന്ത്യയിലുണ്ടായ സാമൂഹികപരിഷ്കരണത്തിന് തുടക്കം കുറിച്ചത് രാജാറാം മോഹൻ റോയിയാണ്. സാമൂഹികപരിഷ്കരണ രംഗത്ത് രാജാറാം മോഹൻറോയ് നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ വിശദീകരിക്കുക.

അല്ലെങ്കിൽ

(B) ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരായി ഇന്ത്യയിൽ നടന്ന സംഘടിത കലാപമായിരുന്നു 1857ലെ ഒന്നാം സ്വാതന്ത്ര്യസമരം. സൂചനകളുടെ അടിസ്ഥാനത്തിൽ ഈ സമരത്തിലേക്ക് നയിച്ച കാരണങ്ങൾ വിശകലനം ചെയ്യുക.

*സൂചനകൾ:*

- ദത്താവകാശ നിരോധന നിയമം
- ഇന്ത്യൻ സൈനികരുടെ അസംതൃപ്തി.

15. ഗ്രീഷ്മ അയനാന്തദിനം, ശൈത്യ അയനാന്തദിനം എന്നിവ താരതമ്യം ചെയ്യുക.